## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1594** **04.10.2016 ൽ മറുപടിക്ക്.**

## സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം

| ചോദ്യം<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.റോജി എം. ജോൺ<br>ശ്രീ.ഷാഫി പറമ്പിൽ | | മറുപടി<br>ഡോ.റ്റി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ) | സംയോജിത ചെക്ക് പോസ്റ്റ് സംവിധാനം എന്നനിലയിൽ വിവര കേന്ദ്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | നിലവിലുള്ള ചെക്ക് പോസ്റ്റുകളിൽ ഉണ്ടാകുന്ന നടപടിക്കുരുക്കുകളും, അസുഖകരമായ സാഹചര്യങ്ങളും ഒഴിവാക്കാൻ പ്രസ്തുത സംവിധാനം എത്രമാത്രം ഉപകരിക്കുമെന്നാണ് കരുതുന്നത്; | ബി) | നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ വരുന്ന ചെക്ക്പോസ്റ്റുകൾ ഒരു സ്ഥലത്ത് ഏകീകരിക്കുന്നതാണ്. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും, അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാക്കുന്നതിനാൽ വാഹനം സെന്ററിനുള്ളിലേയ്ക്ക് കടന്നു വരുമ്പോൾ |

| | | | |
|---|---|---|---|
| | | | ഒരോ വകുപ്പുകളും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തി വിടാൻ സാധിക്കുന്നു. സെന്ററിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ.എഫ്.ഐ.ഡി സംവിധാനം, ബൂം ബാരിയറുകൾ തുടങ്ങിയവ ടി സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ ഇവയിലൂടെ കടന്നുവരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ അതാത് സമയം തന്നെ മറ്റ് ഡാറ്റാകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നത് ചരക്ക് നീക്കത്തിന്റെ വേഗത, കാര്യക്ഷമത, സുതാര്യത എന്നിവ ഉറപ്പുവരുത്തുന്നതിന് സഹായകമാകുന്നു. |
| സി) | പ്രസ്തുത സംവിധാനം നടപ്പാക്കാൻ മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | സി) | ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് വാണിജ്യ നികുതി വകുപ്പിന്റെ ചുമതല വഹിക്കുന്ന ധനകാര്യ മന്ത്രി കൺവീനറായും മറ്റ് വകുപ്പുകളായ മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ്, വനം വകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ആരോഗ്യ (ഫുഡ് ആന്റ് സേഫ്റ്റി) വകുപ്പ് എന്നിവയുടെ ചുമതല വഹിക്കുന്ന മന്ത്രിമാർ അംഗങ്ങളുമായുള്ള ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഈ സംവിധാനം എന്നുമുതൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കുമോ? | ഡി) | ഇപ്പോൾ സ്ഥലം ലഭ്യമായ മഞ്ചേശ്വരം, മുത്തങ്ങ എന്നിവിടങ്ങളിൽ നിർദ്ദിഷ്ട ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടൻസികളായി കിറ്റ്കോ, കെൽട്രോൺ എന്നീ സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത ഏജൻസികൾ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത പ്രോജക്ടുകൾ കാലതാമസമില്ലാതെ പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. മറ്റിടങ്ങളിൽ ഇത്തരം സെന്ററുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി വരികയാണ്. |

**സെക്ഷൻ ഓഫീസർ**